## സി.എം.ഐ. സഭയുടെ ദ്വിശതാബ്ദി ഒരുക്കം (1831-2031)
## ദിനാന്ത പ്രാർത്ഥന

സർവ്വശക്തനായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങ് ഞങ്ങൾക്കു നൽകിയ ദാനങ്ങൾക്കു പ്രത്യേകം നന്ദി പറയുന്നു. ഞങ്ങൾ നഷ്ടമാക്കിയിട്ടുള്ള ദിവ്യപ്രേരണകളെക്കുറിച്ചും, ഞങ്ങൾ ചെയ്തുപോയ തെറ്റുകളെക്കുറിച്ചും മനസ്തപിച്ചു പൊറുതി അപേക്ഷിക്കുന്നു.

കർമ്മല സഭാചൈതന്യം അടങ്ങിയിരിക്കുന്ന പ്രാർത്ഥനാ ജീവിതത്തിന്റെയും അതിൽനിന്നുളവാകുന്ന ഉജ്ജ്വലമായ പ്രേഷിതവൃത്തിയുടെയും മാർഗ്ഗത്തിൽ ഞങ്ങളുടെ സഭാപിതാക്കൻമാരെ അനുകരിക്കാനുള്ള കഴിവും സന്നദ്ധതയും, ഞങ്ങളുടെ സഭയുടെ ദ്വിശതാബ്ദിക്കായി ഒരുങ്ങികൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ സഭാംഗങ്ങൾ ഓരോരുത്തർക്കും കൂടുതലായി തന്നരുളേണമേ.

കാരുണ്യവാനായ ദൈവമേ, സന്യാസവൈദിക സമർപ്പണ ചൈതന്യത്തിൽ ഞങ്ങളുടെ ജീവിതത്തെ വിലയിരുത്തുവാനും കാലാനുസൃതമായ നവീകരണ പദ്ധതികൾ ആവിഷ്കരിക്കുവാനും, ആത്മാവിന്റെ നിറവുള്ളവരായി, സഭയിലും സമൂഹത്തിലും മാറ്റത്തിന്റെ പ്രവാചകരാകുവാനും ഞങ്ങളെല്ലാവരെയും അങ്ങയുടെ പരിശുദ്ധാരൂപിയാൽ പ്രചോദിപ്പിച്ച് നയിക്കണമേ. ആത്മാവിന്റെ പ്രചോദനങ്ങളോട് തുറവിയുള്ളവരാകുവാനും, സ്വയനവീകരണത്തിലൂടെ വിശുദ്ധിയുടെ പാതയിൽ വളരുവാനും ആത്മാക്കളുടെ രക്ഷക്കായി പ്രവർത്തിക്കുവാനും സഭാംഗങ്ങൾക്ക് ഓരോരുത്തർക്കും കൃപയും ഉണർവും തരണമേ.

ഞങ്ങളുടെ ബന്ധുമിത്രാദികളുടെയും ഉപകാരികളുടെയും മേൽ അങ്ങയുടെ വരദാനങ്ങൾ ധാരാളമായി വർഷിക്കണമേ. അങ്ങയുടെ രക്ഷാകരമായ പീഡാനുഭവത്തിൽ പങ്കുപറ്റുന്ന രോഗികളെയും

ആസന്നമരണരെയും കരുണാപൂർവ്വം കടാക്ഷിക്കണമേ. മരണം വഴി ഞങ്ങളിൽ നിന്നും വേർപിരിഞ്ഞുപോയ കുടുംബാംഗങ്ങളെയും സഭാംഗങ്ങളെയും നിത്യസൗഭാഗ്യം നൽകി അനുഗ്രഹിക്കണമേ.

ഞങ്ങളുടെ അമ്മയായ പരി. അമലോത്ഭവ കർമ്മല മറിയമേ, വി. യൗസേപ്പ് പിതാവേ, മാർ തോമാശ്ലീഹായേ, വി. കുര്യാക്കോസ് ഏലിയായേ, നിങ്ങളുടെ പ്രത്യേക സംരക്ഷണത്തിനും മദ്ധ്യസ്ഥതക്കും ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങളുടെ സഭയുടെ സകല വിശുദ്ധരുടെയും മദ്ധ്യസ്ഥരുടെയും പ്രാർത്ഥനാസഹായം, ദ്വിശതാബ്ദിക്കായുള്ള ഒരുക്കത്തിന്റെ ഈ നാളുകളിൽ ധാരാളമായി ഞങ്ങൾക്കുണ്ടാകുമാറാകട്ടെ.

ദയാനിധിയായ ദൈവമേ, അനുഗ്രഹങ്ങൾ നിറഞ്ഞ ഈ ദിവസത്തിന്റെ അവസാനത്തിൽ ഉറങ്ങുവാൻ പോകുന്ന ഞങ്ങൾ വർദ്ധിത ചൈതന്യത്തോടെ പുതിയ പ്രഭാതത്തിൽ ഉണർന്നെഴുന്നേൽക്കുവാനും, വരും വർഷങ്ങളിൽ കുടുതലായി ആത്മാവിന്റെ നിറവുള്ള വ്യക്തികളായി മാറുവാനും, പ്രേഷിതചൈതന്യത്തിലും ദൈവസ്നേഹതീക്ഷ്ണതയിലും, വളരുവാനും ഇടയാക്കണമേ.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും, പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടും കൂടി ഉണ്ടായിരിക്കട്ടെ + ഇപ്പോഴും, എപ്പോഴും, എന്നേക്കും. ആമ്മേൻ.

സി.എം.ഐ പ്രിയോർ ജനറൽസ് ഹൗസ്
ചാവറ ഹിൽസ്, തെങ്ങോട് പി. ഒ.
പി.ബി. നമ്പർ 3105, കാക്കനാട്- 682 030
എറണാകുളം, കേരളം, ഇന്ത്യ

***(To be recited daily in preparation for the Bicentennial of the Congregation)***